# സ്കൂൾ തല അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

GLPS മുണ്ടക്കുറ്റിക്കുന്ന്

## ആമുഖം

2025 - 26 അധ്യയനവർഷത്തിൽ ഒന്നുമുതൽ നാല് വരെയുള്ള മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയും ഉന്നനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ദൗത്യം പൂർത്തീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത് ഭാഷ, ഗണിതം, പരിസരപഠനം, ഇംഗ്ലീഷ്, കലാ-കായികം എന്നീ വിഷയങ്ങൾക്കാണ് ഇതിൽ പ്രാധാന്യം നൽകിയിട്ടുള്ളത്.

ഓരോ വർഷവും കുട്ടികളിലുണ്ടാവുന്ന പഠന വിടവുകൾ നികത്തുകയും പഠനപ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യകരമാക്കുക, സ്വയം പഠനമനോഭാവം വളർത്തുക, കലാകായിക നിർമ്മാണ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുക തുടങ്ങിയ മുഖ്യ ലക്ഷ്യങ്ങളോടെയാണ് ഈ കർമപദ്ധതി രൂപീകരിച്ചിരിക്കുന്നത് വൈജ്ഞാനിക മേഖല, ഭാഷാവികാസ മേഖല,

സർഗാത്മക മേഖല, ശാരീരിക ചാലക മേഖല തുടങ്ങിയ വിവിധതല വികാസം രക്ഷിതാക്കളുടെ സഹകരണത്തോടെ ഉറപ്പാക്കാൻ ആണ് ലക്ഷ്യമിടുന്നത്.

ഗോത്രമേഖലയിൽപ്പെടുന്നവർ, പ്രത്യേക പരിഗണന അർഹിക്കുന്നവർ തുടങ്ങിയ എല്ലാവർക്കും തുല്യതയ്ക്ക് പ്രാധാന്യം നൽകി എല്ലാ കുട്ടികളെയും ഉയർന്ന നിലവാരത്തിലെത്തിക്കാൻ അനുയോജ്യമായ പ്രവർത്തനങ്ങളാണ് നൽകിയിരിക്കുന്നത്. ശിശുസൗഹൃദപരവും അതോടൊപ്പം രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു. സമഗ്ര ഗുണമേന്മാ പദ്ധതിയിലൂന്നി ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണ്ട് കുട്ടിയുടെ സമഗ്ര വികസനമാണ് ഈ മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്യുന്നത്.

## ലക്ഷ്യങ്ങൾ

* മലയാള അക്ഷരങ്ങളും ചിഹ്നങ്ങളും തിരിച്ചറിയാനും ലഘുവാക്യങ്ങളിൽ തുടങ്ങി ഉയർന്ന ആശയഗ്രഹണത്തോടെ വായിക്കാനും എഴുതാനും ശേഷി നേടുക.

* ഗണിത പഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ക്ലാസിനനുയോജ്യമായി ഗണിത ശേഷികൾ ഉറപ്പാക്കുക

* പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഊന്നൽ ചെയ്ത് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക.

* പച്ചക്കറി കൃഷി, പൂന്തോട്ട നിർമ്മാണം തുടങ്ങിയവയിലൂടെ കുട്ടികളിൽ പ്രകൃതിസ്നേഹവും കാർഷിക മനോഭാവവും വളർത്തുക.

* Communicate English, Software ഉപയോഗിച്ചുള്ള ഇംഗ്ലീഷ് പഠനം, തുടങ്ങിയവയിലൂടെ ഇംഗ്ലീഷ് അനായാസവും ആസ്വാദ്യകരവുമാക്കുക.

* മുഴുവൻ കുട്ടികൾക്കും ആരോഗ്യ, കായിക ക്ഷമത ഉറപ്പാക്കുകയും കുട്ടികളിൽ മൂല്യബോധം വളർത്തി

ഉത്തമ പൗരനാകുവാനുള്ള പരിശീലനം നൽകൽ·

* എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ച് കൊണ്ട് പഠനപ്രവർത്തനങ്ങൾ തയ്യാറാക്കി ലിംഗസമത്വം തുല്യനീതി എന്നിവ ഉറപ്പുവരുത്തുന്നു.

* ഗോത്രകലകളുടെ പരിശീലനത്തിലൂടെ സ്വന്തം സമുദായത്തിന്റെ തനിമയത്വവും നിലനിൽപ്പും ഉറപ്പുവരുത്തുക.

* വിദ്യാകിരണം വഴി ലഭിച്ച കമ്പ്യൂട്ടറുകളുടെ സഹായത്തോടെ സാങ്കേതിക പരിജ്ഞാനം നൽകി പഠനപ്രവർത്തനങ്ങൾ മിശ്ര പഠനരീതിയിൽ ആക്കുക.

വിഷയം : മലയാളം

അവസ്ഥാ വിശകലനം : ഭൂരിഭാഗം കുട്ടികൾക്കും അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ തിരിച്ചറിയാനും വായിക്കാനും എഴുതാനും സാധിക്കുന്നില്ല.

മേഖല : വായന, ലേഖനം

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരങ്ങൾ ചിഹ്നങ്ങൾ തിരിച്ചറിയൽ | ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു<br>ചിത്രങ്ങൾ, ICT സാധ്യത എന്നിവ ഉപയോഗിച്ച് ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>ക്ലാസ്സിലെ അക്ഷരമരം, സ്കൂളിലെ വളരുന്ന അക്ഷരമരം പ്രവർത്തനങ്ങൾ | ജൂൺ മുതൽ ആഗസ്റ്റ് വരെ | അധ്യാപകർ | BRC<br>PTA |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പദവായന എഴുത്ത് | അക്ഷരകാർഡുകളിലൂടെ വാക്കുകൾ, വാക്യങ്ങൾ രൂപീകരിക്കൽ | | അധ്യാപകർ | അധ്യാപകർ |
| | ചിത്രം നൽകൽ- അടിക്കുറിപ്പ് പറയിപ്പിക്കൽ- അധ്യാപികയുടെ സഹായത്തോടെ എഴുതൽ | സെപ്തംബർ | | |
| | കഥ - ബാക്കി പറയൽ | ഒക്ടോബർ | അധ്യാപകർ | അധ്യാപകർ |
| | വീഡിയോ ക്ലിപ്പ് പ്രദർശനം- കണ്ട കാര്യങ്ങൾ പറയാനവസരം എഴുതാൻ കഴിയുന്നവർക്ക് പ്രോത്സാഹനം നൽകൽ | | | PTA |
| | സ്കൂൾ ലൈബ്രറി നവീകരിക്കൽ | | | |
| | വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ | ജൂൺ മുതൽ | രക്ഷിതാക്കൾ | PTA |
| | അമ്മ വായന | മാർച്ച് വരെ | | BRC |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| | ഇ- വായന<br>വായനാ കുറിപ്പ് തയ്യാറാക്കൽ<br>വളരുന്ന വാക്യങ്ങൾ, വാക്യങ്ങൾ ക്രമത്തിലാക്കൽ, കഥ ക്രമത്തിലാക്കി എഴുതൽ | ഒക്ടോബർ | അധ്യാപകർ | PTA |
| | ചിത്രം നോക്കി വിവരണം തയ്യാറാക്കൽ | നവംബർ | | |
| കഥ, കവിത കേട്ട് സ്വന്തം ഭാഷയിൽ പറയൽ, എഴുതൽ | ICT ഉപയോഗിച്ച് കണ്ട കഥ സ്വന്തം ഭാഷയിൽ എഴുതുന്നു- പറയുന്നു. അധ്യാപികയുടെ സഹായത്തോടെ മെച്ചപ്പെടുത്തി എഴുതൽ. | ഡിസംബർ തൊട്ട് മാർച്ച് വരെ | അധ്യാപകർ | " |
| കവിത പൂർത്തിയാക്കാം - എഴുതാം | -കവിത പൂർത്തിയാക്കൽ<br>കവിതക്ക് ഈണം കണ്ടെത്തൽ, അവതരിപ്പിക്കൽ | ഫെബ്രുവരി മാർച്ച് | അധ്യാപകർ | " |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| സർഗാത്മക രചന | കുട്ടിക്ക് ഇഷ്ടമുള്ള കഥാപാത്രങ്ങളെ ഉൾപ്പെടുത്തി സ്വയം കഥ ഉണ്ടാക്കൽ<br>റോൾ പ്ലേ അവതരണം<br>പാഠഭാഗങ്ങളിലെയും വിവിധ സന്ദർഭങ്ങളിലെയും ഭാഗങ്ങൾ നാടക രൂപത്തിലാക്കി റോൾപ്ലേ ചെയ്യുന്നു. | ഡിസംബർ തൊട്ട് മാർച്ച് വരെ. | അധ്യാപകർ<br>വിദ്യാർത്ഥികൾ | PTA<br>" |
| വരകളിലൂടെ വർണ്ണങ്ങളിലൂടെ | പാഠഭാഗങ്ങൾ, ദിനാഘോഷങ്ങൾ പ്രകൃതിദൃശ്യങ്ങൾ എന്നിവ ഉൾപ്പെടുത്തി ചിത്രരചന | ജൂൺ തൊട്ട് മാർച്ച് വരെ | രക്ഷിതാക്കൾ അധ്യാപകർ | " |

വിഷയം : ഗണിതം

മേഖല : ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പാക്കുക.

അവസ്ഥാ വിശകലനം : 25% കുട്ടികൾക്ക് സംഖ്യകൾ തിരിച്ചറിയാൻ കഴിയുന്നു.

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സംഖ്യാബോധം ഉറപ്പിക്കൽ | ഗണിതലാബിലെ സാമഗ്രികൾ ഉപയോഗിച്ച് സംഖ്യാബോധം ഉറപ്പിക്കൽ (ക്ലാസ്തലത്തിൽ) | ജൂൺ മുതൽ | അധ്യാപകർ | BRC |
| ഗണിത ക്ലബ് [illegible] | ഗണിതക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധ | | അധ്യാപകർ വിദ്യാർഥികൾ | അധ്യാപകർ |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതകളികൾ | വിവിധ ക്ലാസുകളിലേക്ക് ആവശ്യമായ ഗണിതകളികൾ കണ്ടെത്തുന്നു. ആവശ്യാനുസരണം ക്ലാസുകളിലെ പാഠഭാഗങ്ങളുമായി ബന്ധിപ്പിച്ച് ചെയ്യുന്നു. | ഒക്ടോബർ തൊട്ട് മാർച്ച് വരെ | അധ്യാപകർ വിദ്യാർത്ഥികൾ | PTA BRC |
| ചെയ്തുനോക്കാം | ഗണിതലാബിലെ വിവിധ വസ്തുക്കൾ ഉപയോഗിച്ച് സങ്കലനം, വ്യവകലനം നിർധാരണപ്രശ്നങ്ങൾ തുടങ്ങിയവക്ക് പരിശീലനം നൽകുന്നു. ക്ലാസ്തലത്തിൽ ഒരക്കസംഖ്യകൾ മുതൽ 3 അക്കസംഖ്യകൾ വരെ. | ജൂൺ മുതൽ മാർച്ച് വരെ | അക്കാദമിക വിദഗ്ധർ | BRC PTA |
| കൃഷിത്തോട്ടത്തിലേക്ക് | പച്ചക്കറി, പൂന്തോട്ടം ഇവയിലെ ചെടികൾ ഉപയോഗിച്ച് വിവിധ ഗണിത പ്രശ്നങ്ങൾ ചെയ്യൽ. | " | അധ്യാപകർ വിദ്യാർത്ഥികൾ | |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വൂഗണിതം | വൂഗണിതം ഉപയോഗിച്ച് ഗുണനവസ്തുത രൂപീകരണം | ജനവരി | അധ്യാപകർ | BRC |
| ICT | ICT ഉപയോഗിച്ച് വിവിധ ഗണിത പ്രശ്നങ്ങൾ ചെയ്യൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | BRC |
| | പാഠങ്ങൾ പൂർത്തീകരിക്കൽ | | വിദ്യാർത്ഥികൾ | PTA |
| | ലളിതമായ പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യാനുള്ള പ്രവർത്തനങ്ങൾ നൽകൽ | " | | LSGD |

വിഷയം : English

അവസ്ഥാ വിശകലനം : കുട്ടികൾക്ക് ഇംഗ്ലീഷ് പഠനം ക്ലേശകരമാണ്. എഴുതാനും വായിക്കാനും ബുദ്ധിമുട്ടനുഭവപ്പെടുന്നു. English സംസാരിക്കാൻ താല്പര്യം കാണിക്കുന്നില്ല.

മേഖല : English പഠനം അനായാസകരവും ആസ്വാദ്യകരവുമാക്കുക. Communicative English ൽ പ്രാവീണ്യം നേടുക.

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| Hai English | ഹലോ English ന്റെ module അനുസരിച്ച് പ്രവർത്തനങ്ങൾ ക്ലാസ്സ് റൂമിൽ ആരംഭം | June | Teachers | BRC |
| | Games, stories, video clippings Rhymes, poems ഇവ ഉപയോഗിച്ച് English ൽ താല്പര്യം വളർത്തൽ<br>English club, English assembly, ICT | June to March | Teachers + Students | PTA |

| | | | | |
|---|---|---|---|---|
| | ഉപയോഗിച്ച് stories, cartoon, conversation കാണാനും കേൾക്കാനുമുള്ള അവസരം | | Teachers | PTA |
| Role play TPR | Roleplay, TPR എന്നിവക്ക് പരിശീലനം. പിന്നീട് പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് TPR അവതരണം. | June to March | Teachers + Students | |
| Reading | Reading cards, Library books ഇവ ഉപയോഗിച്ച് വായനക്ക് അവസരം ക്ലാസ്സ് തലത്തിൽ നടത്തുന്നു. | January to March | | |
| English Day | English Day ആചരണം ... മാസത്തിൽ ഒരു ദിവസം English Day ആയി ആചരിക്കുന്നു | June to March | | PTA |
| ICT ✓ | ICT ഉപയോഗിച്ച് Riddles, puzzles, action song ഇവയിൽ പരിശീലനം. E-cube language lab ലെ പ്രവർത്തനങ്ങൾ ക്ലാസ്സ് തലത്തിൽ ചെയ്യിക്കുന്നു. | | | KITE |

വിഷയം : പരിസരപഠനം.

അവസ്ഥാവിശകലനം : ലഘു പരീക്ഷണങ്ങൾ ചെയ്യാനുള്ള ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് കുറവാണ്. കൃഷിയിലുള്ള താല്പര്യം കുട്ടികൾക്ക് കുറവാണ്.

ലക്ഷ്യം : ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രബോധം വളർത്തുക. കൃഷിയിൽ താല്പര്യമുണർത്തുക.

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ശാസ്ത്രത്തിന്റെ ഭാഗമാകാം. | ലഘു പരീക്ഷണങ്ങൾ കണ്ടെത്തൽ<br>സാമഗ്രി നിർമ്മാണം.<br>ശേഖരണം - പരീക്ഷണങ്ങൾ പരിചയപ്പെടുത്തുന്നു. ICT ഉപയോഗം.<br>ശാസ്ത്ര ശില്പശാല- പ്രദർശനം | | | |
| മണ്ണിനെ അറിയാം. | പച്ചക്കറി കൃഷി.<br>നിലമൊരുക്കൽ.<br>വിത്ത് ശേഖരണം.<br>നടൽ സംരക്ഷണം. | ആഗസ്റ്റ് - മാർച്ച്. | അധ്യാപകർ കുട്ടികൾ | കൃഷിവകുപ്പ്. |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ ചുമതല | സാമ്പത്തി... |
| --- | --- | --- | --- | --- |
| ഔഷധ സസ്യങ്ങളെ അറിയാം. | സ്വാതി നാഗ ഫൗണ്ടേഷനിൽ നിന്ന് ലഭിച്ച തൈകൾ പരിപാലിച്ച് സംരക്ഷണം.<br>- സ്കൂളിന്റെ കുട്ടികൾക്ക് പരിചിതമായ ഔഷധ സസ്യങ്ങൾ ശേഖരിച്ച് ഔഷധത്തോട്ട നിർമ്മാണം.<br>- ബോർഡ് സ്ഥാപിക്കൽ.<br>- ബോധവൽക്കരണം.<br>- ICT സഹായത്താൽ ഉപയോഗങ്ങൾ കണ്ടെത്തൽ.<br>- ആൽബം നിർമ്മിക്കൽ. | June to മാർച്ച്.<br>ആഗസ്റ്റ് to മാർച്ച്. | കുട്ടികൾ/ അധ്യാപകർ<br>" | |
| ശാസ്ത്രമേള. വിത്ത് ശേഖരണം, ഇലകൾ, ഔഷധ സസ്യങ്ങൾ etc. | സ്കൂളിൽ ഒരു വർഷം വിവിധയിനം ആനന്ദങ്ങളുടെ ഉൽപന്നങ്ങൾ ഉൾക്കൊള്ളിച്ച് ശാസ്ത്രമേള നടത്തുന്നു. | ഫെബ്രുവരി. | | |

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | കുട്ടികൾക്ക് സൈക്കിൾ പരിശീലനം, നീന്തൽ പരിശീലനം, നൃത്തകല, നാടൻ പാട്ട്, ഗോത്രകലകൾ ഇവയിൽ വിദഗ്ധരെ ഉപയോഗിച്ചുള്ള പരിശീലന പരിപാടികൾ. | സെപ്തംബർ മുതൽ മാർച്ച് വരെ. | വിദഗ്ധർ അധ്യാപകർ | BRC PTA |
| ഒറിഗാമി | പേപ്പർ ഉപയോഗിച്ച് വിവിധ വസ്തുക്കൾ നിർമ്മാണം. പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മാണം. | ആഗസ്റ്റ് മുതൽ മാർച്ച് വരെ | വിദഗ്ധർ അധ്യാപകർ PTA | BRC PTA |
| വിദ്യാകിരണം | കുട്ടികൾക്ക് വിദ്യാകിരണം പദ്ധതിയിലൂടെ ലഭിച്ച ലാപ്ടോപ്പുകൾ ഉപയോഗിച്ച് പാഠഭാഗങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ ചെയ്യാനുള്ള അവസരം. മികച്ച രീതിയിലൂടെ ഫലപ്രദമായ വിനിയോഗം ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | അധ്യാപകർ | KITE |

ലക്ഷ്യം : മുഴുവൻ കുട്ടികൾക്കും ആരോഗ്യ കായികക്ഷമത ഉറപ്പാക്കുകയും മൂല്യബോധം വളർത്തി ഉത്തമ പൗരന്മാരാകാനുള്ള പരിശീലനം നൽകുക, ലിംഗസമത്വം, തുല്യനീതി ഉറപ്പാക്കൽ

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യ കായിക ക്ഷമത ഉറപ്പാക്കൽ | സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിന് മുൻപ് ലഘുവ്യായാമങ്ങൾ | ജൂൺ | അധ്യാപകർ | PTA |
| | ക്ലാസ്സ്തലത്തിലും സ്കൂൾതലത്തിലും എയ്റോബിക്സ് പരിശീലനം. | അദ്ധ്യയന ജൂലൈ മുതൽ | | |
| | ഗെയിംസ് പരിശീലനം | | അധ്യാപകർ | PTA |
| | കായികമേളകൾ, നടത്തൽ | മാർച്ച് വരെ | | |
| | കൃഷി, പൂന്തോട്ട നിർമ്മാണം ഇവയിൽ. എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ | | രക്ഷിതാക്കൾ | PTA |